**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3071** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യ സംസ്കരണമേഖലയിലെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മത്സ്യബന്ധന മത്സ്യസംസ്കരണ മേഖലകളിൽ സാധ്യമായ എല്ലാ സ്രോതസ്സുകളും പ്രയോജനപ്പെടുത്തി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തെ മൽസ്യബന്ധന മത്സ്യസംസ്കരണ മേഖലകളിൽ സാധ്യമായ എല്ലാ സ്രോതസ്സുകളും പ്രയോജനപ്പെടുത്തി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മൽസ്യഫെഡ് എന്നീ ഏജൻസികൾ വഴി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മത്സ്യത്തെ ഒരു ഭക്ഷ്യവസ്തു എന്ന നിലയിൽ ആരോഗ്യപരമായ ചുറ്റുപാടുകളിൽ സംസ്കരിച്ച് വിപണനം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (ബി) | മത്സ്യത്തെ ഒരു ഭക്ഷ്യവസ്തു എന്ന നിലയിൽ ആരോഗ്യപരമായ ചുറ്റുപാടുകളിൽ സംസ്കരിച്ച് വിപണനം നടത്തുന്നതിന് സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മൽസ്യഫെഡ് എന്നീ ഏജൻസികൾ വഴി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>__1) സാഫ്:__ സാഫിന്റെ മത്സ്യസംസ്കരണ യൂണിറ്റുകൾ ഹാർബറിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന മൽസ്യം ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കി ആകർഷകമായി പാക്ക് ചെയ്താണ് വിൽപ്പന നടത്തുന്നത്. സാഫ് തീരമൈത്രി ബ്രാൻറിൽ ലഭ്യമാക്കുന്ന ഉണക്കമത്സ്യങ്ങൾ കേന്ദ്ര ഏജൻസിയായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)യിൽ ക്വാളിറ്റി ടെസ്റ്റ് നടത്തിയാണ് വിപണിയിൽ എത്തിക്കുന്നത്. ഈ ഉൽപ്പന്നങ്ങൾക്ക് എക്സ്പോർട്ട് ക്വാളിറ്റി ഉറപ്പുവരുത്തിയിട്ടുണ്ട്.<br><br>**2. __കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ :-__** കൊല്ലം ശക്തികുളങ്ങരയിൽ പ്രവർത്തിച്ചുവരുന്ന മത്സ്യസംസ്കരണ യൂണിറ്റിൽ വൃത്തിയായ അന്തരീക്ഷത്തിൽ തികച്ചും |

| | | | |
|---|---|---|---|
| | | | ശുചിത്വപൂർണ്ണമായി വിവിധ മത്സ്യയിനങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളാക്കി വിവിധ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉപഭോക്താക്കൾക്ക് എത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രയറിൽ ഉണക്കിയോട്ടത്ത വിവിധ മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാന്റിൽ തദ്ദേശ വിപണിയിലും വിദേശ വിപണിയിലും എത്തിച്ചുവരുന്നു.<br><br>3) **<u>മത്സ്യഫെഡ്:</u>** മായം കലരാത്ത ശുദ്ധമായ മത്സ്യം ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനായി മത്സ്യഫെഡിന് 9 ജില്ലകളിൽ മത്സ്യ സംഭരിക്കുന്ന കേന്ദ്രങ്ങൾ (ബേസ് സ്റ്റേഷൻ) പ്രവർത്തിക്കുന്നുണ്ട്. ശുദ്ധമായ മത്സ്യം സംഭരിച്ച് ശുചിത്വമുള്ള ചുറ്റുപാടിൽ സംസ്കരിച്ച് മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ വഴി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്. ഇതു കൂടാതെ എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ (MIFP) മത്സ്യസംസ്കരണം നടത്തി റെഡി ടു ഈറ്റ്, റെഡി ടു കുക്ക് വിഭവങ്ങായ വിവിധതരം മത്സ്യ അച്ചാറുകളും, ഫിഷ് കട്‌ലറ്റ്, ചെമ്മീൻ റോസ്റ്റ്, ചെമ്മീൻ ചമ്മന്തിപ്പൊടി എന്നീ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും മത്സ്യഫെഡിന്റെ വിവിധ ഔട്ട് ലെറ്റുകൾ വഴി ടി ഉൽപ്പന്നങ്ങളുടെ വിപണനം നടത്തി വരികയും ചെയ്യുന്നു. |
| (സി) | മത്സ്യസംസ്കരണ മേഖലയിൽ പ്രത്യേകിച്ച് പീലിംഗ് ഷെഡുകളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളുടെ തൊഴിൽ സാഹചര്യം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട മത്സ്യ സംസ്കരണ കേന്ദ്രമായി പ്രവർത്തിക്കുന്ന പീലിംഗ് ഷെഡുകളെ സംബന്ധിച്ച് ഫിഷറീസ് വകുപ്പ് ഒരു പഠനം നടത്തിയിട്ടുണ്ട്. 2.5 ലക്ഷം പേർ പ്രത്യക്ഷമായും പരോക്ഷമായും ജോലി ചെയ്യുന്ന ഇവിടെ 90 ശതമാനത്തോളം വനിതകളാണ് ജോലി ചെയ്തു വരുന്നത്. പീലിംഗ് തൊഴിലാളികൾ ജോലി സമയം മുഴുവൻ നിലത്ത് ഇരുന്നുകൊണ്ടോ അല്ലെങ്കിൽ നിന്നുകൊണ്ടോ ആണ് ജോലി ചെയ്യുന്നത്. ഇത് പലപ്പോഴും വിവിധ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഈ മേഖലയിൽ പണിയെടുക്കുന്നവർക്ക് ഗർഭാശയരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മേഖലയിൽ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഒരു നൂതന വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ഡി) | അരൂർ - ചന്തിരൂർ പ്രദേശത്തെ മൽസ്യ വ്യവസായ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് പൊതു മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ജലജന്യരോഗങ്ങൾ ഉണ്ടാകുന്ന |

| | | | | |
|---|---|---|---|---|
| | | | | സാഹചര്യത്തിൽ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് അരൂർ – ചന്തിരൂർ കോമൺ എഫ്ലുവന്റ് പ്ലാന്റ് ഫോർ ട്രീറ്റ്മെന്റ് സൊസൈറ്റി (ACCEPT Society) രൂപീകരിക്കുകയും ഇതിലേക്കായി ചന്തിരൂർ പുത്തൻതോടിന് സമീപം 79 സെന്റ് സ്ഥലം ആലപ്പുഴ ജില്ലാ കളക്ടറുടെ പേരിൽ വാങ്ങിയിട്ടുമുണ്ട്. പദ്ധതി നിർവ്വഹണത്തിന് കമ്പനീസ് ആക്ട് പ്രകാരം രജിസ്ട്രാർ ഓഫ് കമ്പനീസിന് കീഴിൽ ജില്ലാ കളക്ടർ മാനേജിംഗ് ഡയറക്ടർ ആയി ACCEPT Environment Solution Pvt Ltd ചെയ്തിട്ടുണ്ട്. കമ്പനിയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ആയ INKEL ചന്തിരൂർ പുത്തൻതോടിന് സമീപം കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 16,00,95,915 /- രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സാഫ് നടപ്പിലാക്കുന്ന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയിൽ 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്യുന്നു. മാറി വരുന്ന തൊഴിൽ സാഹചര്യത്തിനും സാങ്കേതികവിദ്യയ്ക്കും അനുസരിച്ച് യൂണിറ്റുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനായി നൂതന ഉപകരണങ്ങളെ പറ്റി അവബോധം നൽകി അവ വാങ്ങുന്നതിന് ധനസഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മൽസ്യഫെഡ് എന്നീ ഏജൻസികൾ വഴി നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം

**1. സാഫ് വഴി നടപ്പാക്കുന്ന പദ്ധതികൾ.**

സാഫ് പദ്ധതിയായ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയിലൂടെ മത്സ്യസംസ്കരണ മേഖലയിൽ ഉൾപ്പെടുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. മത്സ്യസംസ്കരണ സംരംഭങ്ങളുടെ കച്ചവടം മെച്ചപ്പെടുത്തുന്നതിനായി SAF Fish & Fish Processing Groups Category Federation രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. ഫെഡറേഷന്റെ നിയന്ത്രണത്തിൽ Fish Booth, Dry Fish, Fish processing units, Pickle, Ornamental Fish, Clam Processing, Peeling shed, Fish manure എന്നിങ്ങനെ 309 യൂണിറ്റുകൾ പ്രവർത്തിക്കുകയും യൂണിറ്റുകളെ ഓൺലൈൻ മാർക്കറ്റിങ്ങ് & സെയിൽസിന്റെ കീഴിൽ കൊണ്ടുവരികയും ഇതുവഴി വിറ്റുവരവ് വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

സാഫ് വഴി ശേഖരിക്കുന്ന Prawns, Angovy, Sole Fish, Lizard fish, Shark, Silverbelly എന്നീ ഉണക്കമത്സ്യങ്ങൾ തീരമൈത്രി ബ്രാന്റിൽ വിപണിയിൽ ലഭ്യമാണ്. ഹാർബറിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന മൽസ്യം ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കി ആകർഷകമായി പാക്ക് ചെയ്ത് സൂപ്പർമാർക്കറ്റുകളിലും കടകളിലും ലഭ്യമാക്കി വരുന്നു. സാഫ് തീരമൈത്രി ബ്രാൻഡിൽ ലഭ്യമാക്കുന്ന ഉണക്കമത്സ്യങ്ങൾ കേന്ദ്ര ഏജൻസിയായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) യിൽ ക്വാളിറ്റി ടെസ്റ്റ് നടത്തിയാണ് വിപണിയിൽ എത്തിക്കുന്നത്. ഈ ഉൽപ്പന്നങ്ങൾക്ക് എക്സ്പോർട്ടിംഗ് ക്വാളിറ്റി ഉറപ്പുവരുത്തിയിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ തയ്യാറാക്കിവരുന്നു. ഇതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ മത്സ്യസംസ്കരണ യൂണിറ്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**2. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

സംസ്ഥാനത്തെ മത്സ്യബന്ധന മത്സ്യസംസ്കരണ മേഖലകളിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉണക്കമത്സ്യ ഉൽപ്പാദനം, മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്ന മേഖലയിൽ കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള പരിശീലനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ആധുനികവൽക്കരണം, സൗരോർജ്ജം ഇന്ധനമാക്കിയുള്ള മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം എന്നിവ ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭ്യമായ സംയോജിത ആധുനിക മത്സ്യഗ്രാമം പദ്ധതിയിൽ മത്സ്യസംസ്കരണ മേഖലകളിൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്ന ഘടകങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**3. മത്സ്യഫെഡ്**

ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി മത്സ്യത്തിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 5.2 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയ്ക്ക് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ്

ടെക്നോളജി (CIFT)യും, സെൻട്രൽ ട്യൂബർ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CTCRI) ഉം ആണ് സാങ്കേതിക സഹായം നൽകുന്നത്.

ഗുണമേന്മയുള്ളതും രുചികരമായ മത്സ്യവിഭവങ്ങൾ ഉൾപ്പെടുന്ന ഭക്ഷണം പൊതുജനങ്ങൾക്ക് നൽകുന്നതിനായി മത്സ്യഫെഡ് വിഴിഞ്ഞം ആഴാകുളത്ത് പുതുതായി ഒരു കേരള സീ ഫുഡ് കഫേ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ ആദ്യത്തെ നൈലോൺ നൂൽ ഫാക്ടറി മത്സ്യഫെഡിന്റെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ മൽസ്യഫെഡിന്റെ നിയന്ത്രണത്തിൽ 43 മത്സ്യ ബൂത്തുകൾ പ്രവര്ത്തിക്കുന്നുണ്ട്. പുതിയതായി 58 ബൂത്തുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Shobha

**സെക്ഷൻ ഓഫീസർ**